**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ. ഷൗക്കത്തലി, പൊന്നുമംഗലം, കാക്കയൂർ, കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024**

മേൽ സൂചന (1) പ്രകാരം ശ്രീ. ഷൗക്കത്തലി, പൊന്നുമംഗലം, കാക്കയൂർ, കൊടുവായൂർ എന്നയാൾ നവകേരളസദസ്സ് മുഖേന കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ ഗവ.ഹൈസ്കൂളിന് എതിർവശത്ത് ബസ് സ്റ്റാന്റിന് കിഴക്ക് വശത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് അവർക്കവകാശപ്പെട്ട കെട്ടിടമുറിയുടെ മുൻഭാഗത്തേക്ക് 5മീ ൽ അധികം മുന്നോട്ടുപണിത് അവരുടെ കട വലുതാക്കിയിരിക്കുകയാണെന്നും ഡ്രൈനേജ് ചാലും മൂടിയിട്ടുണ്ടെന്നും ഹെവി ലൈൻ പോകുന്ന ഇലക്ട്രിക് പോസ്റ്റ് സ്വന്തം കടയുടെ മുൻഭാഗത്ത് വരത്തക്ക നിലയിൽ കട മുന്നോട്ട് കെട്ടി എടുത്ത് കയ്യടക്കി വച്ചിരിക്കുകയാണെന്നും പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത ബിൽഡിംഗിന്റെ മുൻവശം ഫ്രണ്ടയാർഡ് ചട്ടം ലംഘിച്ചു കാണുന്നു. നെയിംബോർഡ് ഉൾപ്പെടെ മറ്റു പ്രൊജക്ഷനുകൾ കാണുന്നു. ആയത് പഴയ കെട്ടിടങ്ങളാണ്. അതിന്റെ മുൻവശം ക്രമവത്കരിച്ച് യാർഡ് പാലിച്ചു മറ്റു KPBR 2019 പാലിക്കാനായി നോട്ടീസ് നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതിപ്രകാരം കെട്ടിടഭാഗം പൊളിച്ചു നീക്കുന്നതിനു കത്ത് നൽകിയപ്പോൾ അവർ ഹൈക്കോടതിയെ സമീപിച്ച് ഉത്തരവ് ലഭ്യമാക്കിയതായി കാണുന്നു. ടി ഉത്തരവ് W.P.(C) No.32229 of 2023 പ്രകാരമുള്ള നടപടിക്രമം പാലിച്ചുകൊണ്ട് ഉടൻ നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : . ശ്രീ. ഷൗക്കത്തലി, പൊന്നുമംഗലം, കാക്കയൂർ, കൊടുവായൂർ